# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in & kauagmet@yahoo.co.in**


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 24/2019(47), ചൊവ്വാഴ്ച  തീയ്യതി 11.06.2019

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 52.5 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 33.4 മുതൽ 35.4 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.8 മുതൽ 24.7 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 79 മുതൽ 97 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 61 മുതൽ 98 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.5 മുതൽ 3.4 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 1.4 മുതൽ 9.7 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 2.4 മുതൽ 4.1 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 12.06.2019 | 13.06.2019 | 14.06.2019 | 15.06.2019 | 16.06.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 30 | 30 | 15 | 20 | 15 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 14 | 10 | 10 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 230 | 270 | 230 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 5 | 7 | 5 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. വരും ദിവസങ്ങളിൽ കേരളത്തിൽ ശരാശരിയിൽ കുറവ് മഴയ്ക്കു സാധ്യത. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി,കാഞ്ചന) | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | വിരിപ്പു കൃഷിക്കായുള്ള ഞാറ് 4-5 ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഉണ്ടാകുകയില്ല. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലക്കി സ്യൂഡോമോണാസ് ലായനി ഉണ്ടാക്കാം. |
| തെങ്ങ് | കൂമ്പുചീയൽ | മഴക്കാലമായതിനാൽ തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് 5 ഗ്രാം/ ഒരു പായ്ക്കറ്റിൽ മൂന്നു വീതം ഒരു തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. രണ്ടു കിലോ ട്രൈക്കോഡെർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |
| പച്ചക്കറികൾ | മൃദുരോമപൂപ്പ് | തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ ആരംഭമായതിനാൽ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി കർസേറ്റ് എം8 2 ഗ്രാം അല്ലെങ്കിൽ ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | ജല സ്രോതസുകളിൽ രോഗാണുക്കളുള്ള മലിന ജലം കലരാൻ ഇടയുള്ളതിനാൽ, അണുനാശിനി ചേർത്ത ശുദ്ധീകരിച്ച വെള്ളം മാത്രം കുടിക്കാൻ കൊടുക്കുക. ഇതിനായി ബ്ലീച്ചിങ്ങ് പൗഡറോ, വെള്ളം ശുചിയാകുന്നതിനു മാർക്കറ്റിൽ ലഭ്യമായ മറ്റു അണുനാശിനികളോ നിർമ്മാതാവിന്റെ നിർദേശ പ്രകാരം ചേർക്കാവുന്നതാണ്. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | |